# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025 - 26

**ജി. എൽ. പി. എസ് പീച്ചി**

# ഉള്ളടക്കം


- ആമുഖം
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം
- വേരുകൾ തേടി (സ്കൂൾ ചരിത്രം)
- ഉച്ചഭക്ഷണം
- സ്കൂൾ അസംബ്ലി
- വിവിധ കമ്മിറ്റികൾ [PTA, SMC, OSA]
- SRG യോഗങ്ങൾ
- സ്കൂൾ സ്റ്റാഫ്
- തനത് പ്രവർത്തനം [വൃത്തി നമ്മുടെ ശക്തി
- പൊതു ലക്ഷ്യങ്ങൾ
- അക്കാദമിക നേട്ടങ്ങൾ, പരിമിതികൾ
- അക്കാദമിക പ്ലാനിംഗ്
- ഉപസംഹാരം

## ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേൻമ ഉറപ്പുവരുത്തുക. ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക. ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്.സി, എസ്.ടി മേഖലകൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ

കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ സംഘടിപ്പിക്കുക. ഓരോ വിഷയത്തിലേയുമുള്ള അടിസ്ഥാനശേഷികളും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയിട്ടുള്ളത്.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

സ്കൂളുകളിൽ അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തെയും ഈ പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക എന്നത് പൊതുലക്ഷ്യമായി വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.

ലക്ഷ്യങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ.
- മൂല്യനിർണ്ണയ രീതികൾ പരിഷ്ക്കരിക്കുകയും സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ.
- സാങ്കേതിക വിദ്യ, സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ.
- ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ.
- അധ്യാപക പരിശീലനം ഉറപ്പുവരുത്താനും നവീകരിക്കുവാനും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പ് വരുത്തുന്നതിനും.
- വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ നവീകരിക്കുവാനും നൂതനമാക്കുന്നതിനും.
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റു സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന്.
- ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ അക്കാദമിക മേഖലകളിൽ ഉൾപ്പെടുത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പഠന പ്രവർത്തനങ്ങൾ, ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ലക്ഷ്യമിടുന്നു.

# വേരുകൾ തേടി

## ഗവ. എൽ. പി. സ്കൂൾ പീച്ചി

തൃശൂർ ജില്ലയുടെ കിഴക്ക് സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ്, പീച്ചി. കാടുകളും മലകളും പുഴകളും കൊണ്ട് പ്രകൃതി രമണീയമായ ഒരു പ്രദേശം. അതിന്റെ ഒരറ്റത്തായി ശിരസ്സുയർത്തി നിൽക്കുന്ന പീച്ചി-ഡാം. അവിടെ അക്ഷരവെളിച്ചമായി നിലകൊള്ളുന്ന പീച്ചി ഗവ. എൽ. പി. സ്കൂൾ, അതാണ് നമ്മുടെ വിദ്യാലയം. ഭൂരിഭാഗവും കർഷകരായ ഇന്നാട്ടിലെ ജനങ്ങളുടെ കാർഷികാവശ്യങ്ങൾക്കായി 1960കളിൽ സ്ഥാപിതമായതാണ് പീച്ചിഡാം. അതോടൊപ്പം തന്നെ ഇവിടുത്തെ തൊഴിലാളികളുടെ മക്കൾക്കും മറ്റു കുട്ടികൾക്കും അറിവിന്റെ ഹരിശ്രീ കുറിക്കുന്നതിനായി സ്ഥാപിതമായതാണ് പീച്ചി ഗവ. എൽ. പി. സ്കൂൾ.

പിന്നീട് ഇത് UP സ്കൂൾ ആയും ഹൈസ്കൂളായും ഇന്നിപ്പോൾ ഹയർസെക്കൻഡറി സ്കൂളായും വളർന്നു. 1993-ൽ ഈ സ്ഥാപനം രണ്ടായി പിരിഞ്ഞു. ഗവ. എൽ. പി. സ്കൂളും, ഗവ. ഹൈസ്കൂളും. പിന്നീട് ഈ സ്ഥാപനം വളർച്ചയുടെ പടവുകൾ

ചവിട്ടികളുമായിരുന്നു. അക്കാദമിക മികവും, ഭൗതികവുമായ ഒട്ടേറെ വികസനങ്ങൾ സ്കൂളിനുണ്ടായി. മലയാളം മീഡിയം എൽ.പി. സ്കൂളായിരുന്ന ഇവിടെ ഇന്ന് LKG, UKG I മുതൽ IV വരെ ക്ലാസുകൾ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിലായി ക്ലാസുകൾ നടത്തി വരുന്നുണ്ട്. ഡിവിഷനില്ലായി പഠനം നടന്നു വന്നിരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ 8 ഡിവിഷനുകളിലായി പഠനം നടന്നുവരുന്നു.

സ്കൂളുകൾ ഹൈടെക് ആകുന്നതിന്റെ ഭാഗമായി കൈറ്റ് സംഭാവന ചെയ്ത പ്രൊജക്ടർ, ലാപ്ടോപ്പുകൾ എന്നിവ ഉപയോഗിച്ച് നമ്മുടെ സ്കൂളിലും ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ പഠനം ആകർഷകവും ആയാസരഹിതവുമാക്കി തീർന്നിട്ടുണ്ട്. പഠനപ്രവർത്തനങ്ങളോടൊപ്പം കലാ-കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിലും കുട്ടികളെ മികവുറ്റവരാക്കാൻ സമാന്തരമായി ക്ലാസുകൾ നടത്തിവരുന്നുണ്ട്.

LKG, UKG ഓരോ ഡിവിഷനും 1 മുതൽ 4 വരെ 2 ഡിവിഷനും ഞങ്ങളുടെ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 9 അധ്യാപകരും 2 ആയമാർ ഒരു PTCM, Noonfeeding Staff ആയി

ഒരാൾ, കൂടാതെ ഒരു സ്കൂൾ ബസും ഞങ്ങൾക്കുണ്ട്. ഇതിൽ ഒരു driver ഉം ഒരു helper ഉം ഉണ്ട്. ഇങ്ങനെ നല്ല സഹകരണത്തിൽ പ്രവർത്തിക്കുന്ന സാരഥികളാണ് സ്കൂളിലുള്ളത്. പാണത്തൂർ പഞ്ചായത്തിലെ കൂടുതൽ കുട്ടികൾ പഠിക്കുന്ന രണ്ടാമത്തെ ഗവ. എൽ. പി. സ്കൂളാണ് പീച്ചി.

പീച്ചി മലയോരമേഖലയിലെ തിലകക്കുറി-യായി നിലകൊള്ളുന്ന ഈ ഗവ. സ്കൂൾ ഇവിടത്തെ സാധാരണക്കാരുടെ ഒരു അക്ഷരങ്ങളുടെ അക്ഷയ ഖനിയായി പ്രവർത്തിക്കുന്നു.

# ഉച്ചഭക്ഷണം

ആഴ്ചയിൽ 5 ദിവസവും വ്യത്യസ്തമാർന്ന രണ്ടുതരം കറികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉച്ചഭക്ഷണ വിതരണം ഞങ്ങളുടെ വിദ്യാലയത്തിൽ മികച്ച രീതിയിൽ നടത്തണം. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ പച്ചക്കറികളും പയറുവർഗങ്ങളും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തണം

ആഴ്ചയിൽ ഒരിക്കൽ മുട്ടയും രണ്ടുദിവസങ്ങളിൽ പാലും നൽകിക്കൊണ്ട് കുട്ടികളുടെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നു.

# സ്കൂൾ അസംബ്ലി

ആഴ്ചയിൽ മൂന്നു ദിവസം നിർബന്ധിത അസംബ്ലിയും വിശേഷ ദിവസങ്ങളിൽ സ്പെഷൽ അസംബ്ലിയും വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. ഓരോ അസംബ്ലിയിലും വൈവിധ്യമാർന്ന ചിന്താവിഷയങ്ങൾ പങ്കുവയ്ക്കപ്പെടുന്നു.

കുട്ടികൾക്ക് മാനസികവും ശാരീരികവുമായ ഊർജ്ജം പകരുന്ന വ്യായാമങ്ങളും കുട്ടികളുടെ ബുദ്ധി വികാസത്തിനാവശ്യമായ കുസൃതി ചോദ്യങ്ങളും quizകളും അസംബ്ലിയുടെ ഭാഗമാകാറുണ്ട്.

ഓരോ വിശേഷ ദിവസങ്ങളിലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അസംബ്ലിയിൽ ഉൾപ്പെടുത്തണം. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിനാണ് പ്രാധാന്യം നൽകുന്നത്. വിശേഷ ദിവസങ്ങളിലെ അസംബ്ലിയിൽ അതുമായി ബന്ധപ്പെട്ട വിശിഷ്ട വ്യക്തിത്വങ്ങളെക്കൂടി ഉൾപ്പെടുത്താം. സാമൂഹ്യ ഗുണമേന്മ ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങളാണ് ഓരോ അസംബ്ലിയിലും നൽകേണ്ടത്.

# പി.ടി.എ, എം.പി.ടി.എ, എസ്.എം.സി യോഗങ്ങൾ

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നത് പി.ടി.എ യോഗങ്ങൾ ചേർന്നാണ് അതുപോലെ സുപ്രധാനമായ മറ്റു കാര്യങ്ങൾ PTA, MPTA, SMC യോഗങ്ങൾ ചേർന്നാണ് തീരുമാനമെടുക്കാറുള്ളത്. വളരെ ശക്തമായ കമ്മിറ്റിയാണ് സ്കൂളിനുള്ളത്.

സ്കൂളിലെ എല്ലാ കാര്യങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു കമ്മിറ്റിയാണ് ഉള്ളത്. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ പിന്തുണയും സഹായവും നൽകി വരുന്നു. സ്കൂളിന്റെ വികസന പ്രവർത്തനം ലക്ഷ്യം വെച്ചാണ് ഈ കമ്മിറ്റികൾ പ്രവർത്തിക്കുന്നത്.

# OSA കമ്മിറ്റി

വളരെ നന്നായി പ്രവർത്തിച്ചു വരുന്ന ഒരു OSA കമ്മിറ്റി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. വാർഡ് മെമ്പർ ശ്രീ.ബാബു തോമസ് ഈ കമ്മിറ്റിയുടെ രക്ഷാധികാരിയാണ്. ഈ പ്രദേശത്തെ പ്രമുഖരായ പല വ്യക്തികളും ഈ കമ്മിറ്റിയിലെ അംഗങ്ങളാണ്.

കഴിഞ്ഞ വർഷം പ്രൈമറി കുട്ടികൾക്ക് യൂണിഫോമിനും മറ്റു കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനുമായി 'മാഗസിൻ' ഇറക്കി 50,000 രൂപ സംഭാവന നൽകിയിരുന്നു. കൂടാതെ Spoken English, Sports, WE. എന്നിങ്ങനെ Extra ക്ലാസുകൾക്കും ഒരു ബിരിയാണി ചലഞ്ചിലൂടെ 2,00,000 രൂപ സംഭാവനയായി കണ്ടെത്തിയിരുന്നു. ഇങ്ങനെ സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്കായി വളരെ കരുതലായി പ്രവർത്തിക്കുന്ന ഒരു OSA കമ്മിറ്റിയാണ് പാച്ചി ഗവ എൽ.പി.സ്കൂളിന് മുതൽക്കൂട്ടാകുന്നത്.

# എസ്. ആർ. ജി. യോഗങ്ങൾ

ഞങ്ങളുടെ സ്കൂളിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ആസൂത്രണം ചെയ്യുന്നതിനുമായി എല്ലാ വ്യാഴാഴ്ചകളിലും ക്ലാസ് കഴിഞ്ഞതിനുശേഷം എസ്. ആർ. ജി. യോഗങ്ങൾ കൂടാറുണ്ട്. ഈ യോഗങ്ങളിൽ അധ്യാപകർക്ക് അവരുടെ ക്ലാസ് മുറികളിൽ പഠനപ്രവർത്തനങ്ങളുമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അതിനു സഹായകമാകുന്ന പ്രവർത്തനങ്ങൾ എല്ലാവരും കൂടി ആലോചിച്ച് കണ്ടെത്തുകയും ചെയ്യാറുണ്ട്. കഴിഞ്ഞ പാഠഭാഗങ്ങളുടെ വിലയിരുത്തലുകളും അടുത്ത ആഴ്ചകളിലെ പഠനപ്രവർത്തനങ്ങളുടെ ആസൂത്രണങ്ങളും നടത്താറുണ്ട്.

അതുപോലെ പ്രധാന ദിനാചരണങ്ങളുടെ ആസൂത്രണങ്ങളും വിലയിരുത്തലുകളും ഈ യോഗങ്ങളിലും നടത്താറുണ്ട്.

# സ്കൂൾ സ്റ്റാഫ്

# 2025- 26

| | | |
|---|---|---|
| 1 | ടെസ്സി . K.J | ഹെഡ്മിസ്ട്രസ് |
| 2 | ഷീജ . P.V | സീനിയർ ടീച്ചർ |
| 3 | ജലജ . V.K | സ്റ്റാഫ് സെക്രട്ടറി |
| 4 | ചിത്ര . A | അധ്യാപിക |
| 5 | വിനിത . K.M | അധ്യാപിക |
| 6 | അഞ്ജു.V.നാരായണൻ | അധ്യാപിക |
| 7 | വിദ്യ . R | അധ്യാപിക |
| 8 | മിനി . K.J | പ്രീപ്രൈമറി അധ്യാപിക |
| 9 | ശാലിനി.P.R | പ്രീപ്രൈമറി അധ്യാപിക |
| 10 | അന്നിയമ്മ | പ്രീപ്രൈമറി ആയ |
| 11 | രമണി | PTCM |
| 12 | വത്സല | COOK |

# വൃത്തി നമ്മുടെ ശക്തി

ആമുഖം

മാലിന്യത്താൽ ദിനംപ്രതി മലിനമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിയിൽ ഇനി വരും തലമുറയ്ക്കു കൂടി ജീവിക്കുന്നതിനായി നാം ഭൂമിയെ സംരക്ഷിച്ചു നിർത്തേണ്ടത് അത്യാവശ്യമാണ്. ഭൂമിയെ നശിപ്പിച്ചു കൊണ്ടിരിക്കുന്നതിൽ ഏറ്റവും പ്രമുഖ സ്ഥാനത്തുള്ളത് പ്ലാസ്റ്റിക് തന്നെയാണ്. പ്ലാസ്റ്റിക്കുകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ് നമ്മുടെ ഭൂമി. മനുഷ്യനെ മാത്രമല്ല ഭൂമിയിലെ ഓരോ ജീവജാലത്തിനും ഇത് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു.

പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും ഉണ്ടാകുന്ന ദൂഷ്യവശങ്ങൾ വരുംതലമുറ തിരിച്ചറിഞ്ഞ് അവയുടെ ഉപയോഗം കുറയ്ക്കുകയും കൃത്യമായ രീതിയിൽ തന്നെ നിലവിലെ മാലിന്യങ്ങൾ സംസ്കരിക്കുകയും ചെയ്യുന്നതിനുള്ള അവബോധം

അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

മനുഷ്യന്റെ വിവേകശൂന്യമായ ഇടപെടലുകളിലൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപത്തുകൾ തന്നെയാണ് കൊടും വേനലിനും വരൾച്ചയ്ക്കും കാലാവസ്ഥാ വ്യതിയാനത്തിനുമെല്ലാം കാരണമെന്നറിഞ്ഞിട്ടും ഇവയെല്ലാം കേവലം പ്രസംഗങ്ങളിലും ബോധവത്കരണ ക്ലാസുകളിലും ഒതുങ്ങുകയല്ലാതെ തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല. അത്തരമൊരു പ്രവർത്തനം നമ്മുടെ കുഞ്ഞുങ്ങളിലൂടെ നമുക്ക് തുടങ്ങാൻ സാധിക്കും എന്നാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## ലക്ഷ്യം

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുകയും തനിക്ക് ചുറ്റുമുള്ള മാലിന്യങ്ങളെ കൃത്യമായി സംസ്കരിക്കുന്നതിനും പുനരുപയോഗ സാധ്യതയുള്ളവ തിരിച്ചറിഞ്ഞ് ക്രിയാത്മകമായ അറിവുകൾ പ്രയോജനപ്പെടുത്തി അവയെ ഉപയോഗപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിനുള്ള ശീലം കുട്ടികളിൽ വളർത്തി-

യെടുക്കണം.

മാലിന്യങ്ങളെ തരംതിരിച്ച് അവ കൃത്യമായി സംസ്കരിച്ച് വരും തലമുറയ്ക്കായി ഭൂമി മാലിന്യരഹിതമാക്കാനും പ്രകൃതി സൗഹാർദപരമായ ജീവിത സാഹചര്യങ്ങൾ ഒരുക്കാനും ഇനിയും നമുക്കു സാധിക്കും. അതിനുള്ള പ്രചോദനമാണ് നമ്മുടെ പ്രവർത്തനങ്ങളിലൂടെ ഓരോരുത്തരിലേക്കും പകർന്ന് നൽകേണ്ടത് എന്ന അവബോധം ഓരോ മനസ്സിലും ഉണ്ടാക്കിയെടുക്കാം.

## നിർവ്വഹണം

മാലിന്യങ്ങളെ ജൈവമാലിന്യങ്ങൾ അജൈവ മാലിന്യങ്ങൾ എന്നിങ്ങനെ തരംതിരിക്കുകയും ഇതിൽ ഭക്ഷണാവശിഷ്ടങ്ങൾ കരിയില, കടലാസ് എന്നിവ തുമ്പൂർമുഴി സംവിധാനം വഴി വളമായി മാറ്റുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങളെ പുനരുപയോഗ സാധ്യത തിരിച്ചറിഞ്ഞ് ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും മറ്റുള്ളവ ഹരിതകർമ്മസേനയ്ക്ക് നൽകുകയും ചെയ്യുന്നു.

പ്ലാസ്റ്റിക് കുപ്പി, പേന എന്നിങ്ങനെ ഉപയോഗശൂന്യമായവ എങ്ങനെ ഉപയോഗപ്രദമായ

പെയിന്റിംഗ്, അലങ്കാര വസ്തുക്കൾ, ചെടിച്ചട്ടികൾ എന്നിവ നിർമ്മിക്കാൻ ഉപയോഗിക്കുന്നു. സ്കൂളിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഒരു ഉല്പന്നം നിർമ്മിച്ചെടുക്കാം.

## ഉപസംഹാരം

വരും തലമുറയ്ക്ക് നല്ല മാതൃകകളും പ്രചോദനവും നൽകിക്കൊണ്ട് ശുചിത്വപൂർണ്ണവും മാലിന്യമുക്തവുമായ ഭൂമിയെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ഇത്തരമൊരു പ്രവർത്തനത്തിലൂടെ നമ്മുടെ കുട്ടികൾക്കും സാധിക്കും.

# പൊതുലക്ഷ്യങ്ങൾ

## അക്കാദമികം

അറിവു നിർമ്മിക്കുന്നതിനും വ്യക്തിഗത വളർച്ച കൈവരിക്കാനും സാമൂഹികപരമായ കഴിവുകൾ നേടാനും തൊഴിൽപരമായ ശേഷികൾ ഉണ്ടാക്കിയെടുക്കുന്നതിനും സാമൂഹിക പ്രതിബദ്ധത വളർത്താനും ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു. ഇതിനായി വിവിധ അനുഭവ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. ശില്പശാല, അധ്യാപക പരിശീലന പരിപാടികൾ SRG പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു.

## ഭൗതികം.

ശിശുസൗഹൃദ സ്കൂളന്തരീക്ഷം, കുട്ടികളുടെ അക്കാദമിക നിലവാരത്തെ കാര്യമായ രീതിയിൽ സ്വാധീനിക്കുന്നു. ശിശു സൗഹൃദ ക്ലാസ് റൂം, ടോയ്‌ലറ്റുകൾ, ലൈബ്രറി, വാഹന സൗകര്യം, കുട്ടികളുടെ പാർക്ക്, കുടിവെള്ള സംവിധാനം, ജൈവവൈവിധ്യ ഉദ്യാനം, STARS വർണ്ണക്കൂടാരം എന്നിവ സ്കൂളിന്റെ പ്രത്യേകതകളാണ്.

## സാമൂഹികം

PTA, ക്ലാസ് PTA, മാതൃസംഘടന എന്നിവ ശക്തിപ്പെടുത്തി രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. സ്കൂൾ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിൽ SSK, BRC, CRC, DIET എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.. വിദ്യാഭ്യാസ വിദഗ്ദർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പിന്തുണ ഉറപ്പുവരുത്തുന്നു.

## സാമ്പത്തികം

### സ്കൂൾ ഭൗതിക അക്കാദമിക നിലവാരം

മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്ന PTA, മാതൃസംഘടന, സ്റ്റാഫ് ഫണ്ട്, SMC, പൂർവ്വവിദ്യാർത്ഥി സംഘടന, വിദ്യാഭ്യാസ ഏജൻസികൾ, മറ്റുസ്ഥാപനങ്ങൾ. എന്നിവയുടെ സഹകരണത്തോടെ വിദ്യാലയ നവീകരണ പ്രവർത്തനങ്ങൾ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എന്നിവയ്ക്കാവശ്യമായ ഫണ്ടുകൾ കണ്ടെത്തുന്നു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി വിവിധ സ്കോളർഷിപ്പുകൾ പ്രയോജനപ്പെടുത്തുന്നു.

# അക്കാദമിക നേട്ടങ്ങൾ
# പരിമിതികൾ

സ്കൂൾ പ്രധാനാധ്യാപിക, PTA, MPTA, SMC, പൂർവ്വവിദ്യാർത്ഥി സംഘടന, വിദ്യാഭ്യാസ ഏജൻസികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ മികച്ച നിലവാരത്തിലൂടെ പ്രവർത്തിക്കുന്ന സ്കൂളാണ് ജി.എൽ.പി. എസ് പീച്ചി. ഓരോ വർഷവും അക്കാദമിക തലത്തിൽ മികച്ച നേട്ടമാണ് സ്കൂൾ കൈവരിക്കുന്നത്. 2014-2015 അക്കാദമിക വർഷത്തിൽ തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിൽ മികച്ച വിദ്യാലയത്തിനുള്ള പുരസ്കാരം ലഭിച്ചു. കലാ, ശാസ്ത്ര പ്രവർത്തിപരിചയ കായിക മേളകളിൽ തുടർച്ചയായ വർഷങ്ങളിൽ മികച്ചവിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2022-2023 അധ്യയന വർഷത്തിൽ ഒല്ലൂക്കര BRC തലത്തിൽ LP വിഭാഗത്തിൽ ഇന്നവേറ്റീവ് സ്കൂൾ ആയി തെരഞ്ഞെടുത്തു. LSS പരീക്ഷയിൽ മികച്ചവിജയം കരസ്ഥമാക്കി. വിജ്ഞാനോത്സവ പരീക്ഷയിൽ തിളക്കമാർന്ന വിജയം നേടി. മാതൃഭൂമി സീഡ് പ്രോജക്ടിന്റെ ഭാഗമായി സീഡ് ഹരിതമുകുളം പ്രോത്സാഹന പുരസ്കാരം, ഹരിത ജ്യോതി പുരസ്കാരം എന്നിവ ലഭിച്ചു.

സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നു വരുന്ന കുട്ടികളാണ് ഭൂരിഭാഗവും സ്കൂളിൽ പഠിക്കുന്നത് അതിനാൽ പഠന പിന്തുണ നൽകേണ്ട കുട്ടികളുടെ എണ്ണം താരതമ്യേന കൂടുതലാണ്.

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആസ്വാദനം | പാട്ടരങ്ങ്<br>അമ്മ വായന<br>കലോത്സവം. | ജൂൺ - മാർച്ച് | രക്ഷിതാവ്<br>ക്ലാസ് ടീച്ചർ | |
| സർഗാത്മക വികാസം | ചിത്രവായന<br>ഊഹിച്ചു പറയൽ<br>പോസ്റ്റർ നിർമാണം.<br>പതിപ്പ് തയ്യാറാക്കൽ<br>രചനാ പരിചയക്കുറിപ്പ് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| വായന | അക്ഷര കാർഡ്<br>വായന കാർഡ്<br>ക്ലാസ് ലൈബ്രറി<br>വായനാമൂല<br>വായനോത്സവം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSK |

| | | | | |
|---|---|---|---|---|
| | വായനക്കുറിപ്പ്<br>രചനാപരിചയക്കുറിപ്പ് | | | സ്കൂൾ & PTA |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | മലയാളത്തിളക്കം.<br>ചിത്ര വായന<br>അക്ഷര കാർഡ്<br>വായന കാർഡ് | ലക്ഷ്യം നേടുന്നവരെ. | ക്ലാസ് ടീച്ചർ | |
| സർഗ്ഗശേഷി വികാസം | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ.<br>മലയാളം ക്ലബ്ബ് | | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സാഹിത്യ - പ്രതിഭകളെ അടുത്തറിയാം | കണ്ടെത്തി വായന, കൂട്ട-വായന, ചങ്ങല വായന,<br>സംയുക്ത വായന<br>പുസ്തക സംവാദം<br>പത്ര വായന<br><br>കഥാപാത്രങ്ങളെ തെര-ഞ്ഞെടുത്ത് അവതരിപ്പി-ക്കൽ, സംഭാഷണം.,<br>റോൾപ്ലേ<br>പുസ്തക ശേഖരണവും പ്രദർശനവും. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ/ രക്ഷിതാവ് | |
| ലേഖനം | കഥ-കവിത രചനകൾക്കു-ള്ള വേദി ഒരുക്കൽ<br>ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കൽ<br>സംയുക്ത ഡയറി | ജൂൺ - മാർച്ച്<br><br>ജൂലൈ-മാർച്ച് | | |

AREA - അക്കാദമികം ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | * ഗണിതകേളികൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | * ജ്യാമിതീയ രൂപങ്ങളുടെ നിർമാണം. | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ PTA, MPTA | സ്പോൺസർ, PTA |
| | * ഗണിതത്തിന് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | * കണക്കുപെട്ടി നിർമിക്കൽ, കണക്കുപെട്ടി നിറയ്ക്കൽ | ജൂൺ - മാർച്ച് | കുട്ടികൾ, രക്ഷിതാക്കൾ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത ചിന്താശേഷി വളർത്തൽ | * കുസൃതിക്കണക്കുകൾ<br>* ഗണിത പസിലുകൾ<br>* മനക്കണക്കുകൾ<br>* ഗണിത കേളികൾ<br>* ടാൻഗ്രാം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | Staff & PTA |
| * ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | * ഒറിഗാമി - നിർമാണ പ്രവർത്തനങ്ങൾ<br>ടാൻഗ്രാം നിർമാണം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | സ്റ്റാഫ്, PTA |
| ഗണിതമികവ് ഉയർത്തൽ | * ഗണിത മേള | ആഗസ്റ്റ് | ഗണിത ക്ലബ്ബ് | സ്റ്റാഫ്, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സംഖ്യാബോധം | * ഈർക്കിൽ കെട്ടുകൾ, സംഖ്യാകാർഡുകൾ, അബാക്കസ് തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | സ്റ്റാഫ്, PTA |
| * ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * ഈർക്കിൽ കെട്ടുകൾ, സംഖ്യാകാർഡുകൾ, അബാക്കസ് തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | സ്റ്റാഫ്, PTA |
| * സമയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | * ക്ലോക്ക് പരിചയപ്പെടൽ<br>* ക്ലോക്ക് നിർമ്മാണം<br>* സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിചയപ്പെടൽ, പ്രശ്നനിർധാരണം. | നവംബർ - ഡിസംബർ | ക്ലാസ്ടീച്ചർ | സ്റ്റാഫ്, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * നീളം, ദൂരം, ഭാരം, ഉള്ളളവ് എന്നീ ആശയങ്ങൾ ഉൾക്കൊള്ളൽ. | * നീളം, ദൂരം, ഭാരം, ഉള്ളളവ് എന്നിവ കണ്ടെത്തൽ.<br>* യൂണിറ്റുകൾ പരിചയപ്പെടൽ<br>* പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | നവംബർ-മാർച്ച് | ക്ലാസ് ടീച്ചർ | |

ACADEMIC AREA — ENGLISH LANGUAGE

| AIMS | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| * To give opportunities to listen English language abundantly. | * Showing cartoons and movies | June to March | English Teacher | |
| * To create opportunities to speak English confidently. | * English Balasabha | June to March [Weekly Once] | Class Teacher | |
| | * English Assembly | June to March [Friday] | English club | |

| AIMS | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
| --- | --- | --- | --- | --- |
| To read and understand English language effectively | * Maintaining class library. | June to March | Class Teacher | |
| | * Echo Reading<br>* Chain Reading<br>* Collective Reading | Whole Year | | |
| | * Reading Corner | June to march | Class Leader | |
| | * Reading Festival | Once in a month | Class Teacher | |
| * To enhance the ability to write English effectively. | * Write diary in English | Twice in a week | Class Teacher | |

| AIMS | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| * To enhance creativity | * Presentation of various discourses in English (Skit, Role-play, Posters, Story Telling, Recitation) etc.. | Once in a month | Teachers and PTA | TEACHERS and PTA |
| | * Releasing English magazine. | March. | English Club | Staff and PTA. |
| * To improve. Slow learners. | * Language games<br>* Reading Cards<br>* Presentation of discourses with ICT<br>* Diary writing | Whole Year | Class Teacher | Teachers and PTA |

## AREA - അക്കാദമികം

## പരിസരപഠനം.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * | പ്രകൃതിയെ അറിയൽ | * പ്രകൃതി നടത്തം<br>* നിരീക്ഷണം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | |
| * | ശാസ്ത്രാവബോധം വളർത്തൽ | * ലഘുപരീക്ഷണങ്ങൾ<br>* കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| * | പ്രകൃതി വിഭവങ്ങളെ അറിയുക, സംരക്ഷിക്കുക. | * ബോധവത്കരണ ക്ലാസ്<br>* നിർമാണ പ്രവർത്തനങ്ങൾ<br>* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, PTA | സ്റ്റാഫ്, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|
| * ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കൽ | * ബോധവത്കരണ ക്ലാസ്<br>* ശുചീകരണ പ്രവർത്തനങ്ങൾ<br>* പോസ്റ്റർ രചനാ മത്സരം - അവതരണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ, SRG, PTA | |
| * ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്. | * ബോധവത്കരണ ക്ലാസ്<br>* പോസ്റ്റർ നിർമാണം<br>* റോൾ പ്ലേ.<br>* ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | ജൂൺ-ഡിസംബർ | SRG, ക്ലാസ് ടീച്ചർ | സ്റ്റാഫ്, PTA |
| * ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ | * ബോധവത്കരണ ക്ലാസ്<br>* ഭക്ഷ്യമേള<br>* ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കൽ. | ഒക്ടോബർ-നവംബർ | SRG, ക്ലാസ് ടീച്ചർ | സ്റ്റാഫ്, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് | * അഭിമുഖം<br>* പ്ലക്കാർഡ്<br>* ബോധവത്കരണ ക്ലാസ് | ജൂൺ - ജൂലൈ | ക്ലാസ്ടീച്ചർ | സ്റ്റാഫ് |
| * ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ | * അന്വേഷണത്വര വളർത്തൽ<br>* നിർമാണപ്രവർത്തനങ്ങൾ<br>* പ്രദർശനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | സ്റ്റാഫ് |
| * ഭൂപടം ഒരുക്കാം. | * കേരളം, ഇന്ത്യ - ഭൂപട വായന<br>* ഭൂപട രചന | ജനുവരി | ക്ലാസ്ടീച്ചർ PTA | |

## ഐ.ടി പഠനം

ഒന്നുമുതൽ നാലുവരെ ക്ലാസിലെ കുട്ടികൾക്ക് 'കളിപ്പെട്ടി' എന്ന പേരിലുള്ള ഐടി പാഠപുസ്തകങ്ങൾ ഒന്നുമുതൽ നാല് വരെയുള്ള ക്ലാസുകളിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പഠനസന്ദർഭങ്ങൾ ഒരുക്കുന്നു. ഐടി പഠനം, ഉല്ലാസം, കളികളിലൂടെ സാധ്യമാകുന്നു. ഭാഷയിലും, ഗണിതത്തിലും പരിസരപഠനത്തിലുമുള്ള അറിവ് നേടാനും പ്രയോഗിക്കാനുമുള്ള പ്രവർത്തനങ്ങൾ കളികളിലൂടെ കുട്ടികളിലെത്തിക്കുന്നു.

## ആരോഗ്യകായിക വിദ്യാഭ്യാസം

ആരോഗ്യ സംബന്ധമായ അറിവ് വികസിപ്പിച്ച് അഭിരുചിയുണ്ടാക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിൽ കുട്ടികൾക്ക് വൈവിധ്യമാർന്നതും പ്രസക്തവും നൽകുന്നു. ശാരീരിക ആരോഗ്യം, മാനസിക ആരോഗ്യം, സന്തോഷം എന്നിവ ഉറപ്പിക്കുന്ന വിവിധ പരിശീലനം കുട്ടികൾക്ക് നൽകുന്നു. ലഹരി പോലുള്ള വിപത്തുകളുടെ കുരുക്കിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കാനും ഇതിലൂടെ കഴിയുന്നു.

## കലാപഠനം

വിവിധ മേഖലയിൽ അഭിരുചി വളർത്തുന്നതിനുള്ള അവസരം കലാപഠനത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയും സ്വതന്ത്രമായും കലാപഠനം കുട്ടികൾക്ക് ഉപകരിക്കുന്നു. ഒപ്പം കുട്ടികളിലുള്ള പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക ജീവിത സാഹചര്യങ്ങളിലേക്ക് എത്തിപ്പിടിക്കുവാൻ കലാപഠനം സഹായകമാണ്

## പ്രവൃത്തി വിദ്യാഭ്യാസം

കുട്ടികളിലെ കഴിവുകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനും അതോടൊപ്പം നാളെയുടെ സ്വയംപര്യാപ്തമായ പൗരന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പ്രവൃത്തി വിദ്യാഭ്യാസം മേഖലകളുമായി ബന്ധപ്പെടുത്തിയും അല്ലാതെയും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് പ്രാധാന്യം കൊടുത്ത് കുട്ടികൾക്ക് നൽകുകയും ശില്പശാല സംഘടിപ്പിച്ച് പരിശീലനം നൽകിവരുകയും ചെയ്യുന്നു.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കി നിലവിലുള്ള സ്ഥിതിയുടെ അവസ്ഥാവിശകലനം നടത്തി മികവുകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് G.L.P.S പീച്ചിയുടെ ഈ വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ.